श्रीशङ्कराचार्यसंस्कृतसर्वकलाशाला,कालटी

# ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി

Office of International Affairs

03950 / OIA1 / SSUS / 2023 തീയതി,കാലടി,25-01-2024

**സർക്കുലർ**

**വിഷയം :** വിയന്നയിലുള്ള സെൻട്രൽ യൂറോപ്യൻ യൂണിവേഴ്സിറ്റി(CEU) യിലേക്ക് Erasmus+ സ്കീമിൽ വിദ്യാർത്ഥി കൈമാറ്റത്തിനായി രണ്ട്/മൂന്ന് വർഷ ഗവേഷക വിദ്യാർത്ഥികളിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നത് സംബന്ധിച്ച്

വിയന്നയിലുള്ള സെൻട്രൽ യൂറോപ്യൻ യൂണിവേഴ്സിറ്റി (CEU) യൂറോപ്യൻ യൂണിയന്റെ അധ്യാപക-വിദ്യാർത്ഥി കൈമാറ്റത്തിനായുള്ള സാമ്പത്തിക സഹായ പദ്ധതിയായ Erasmus+ സ്കീമിൽ സംസ്കൃത സർവ്വകലാശാലയെ പാട്നർ യൂണിവേഴ്സിറ്റി ആക്കുന്നതിനായി അപേക്ഷ നൽകുകയും അതിന് യൂറോപ്യൻ യൂണിയന്റെ അംഗീകാരം ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. വിദ്യാർത്ഥി കൈമാറ്റത്തിന്റെ ഭാഗമായി CEU-വിലേക്ക് സർവ്വകലാശാലയിലെ രണ്ട് ഗവേഷക വിദ്യാർത്ഥികൾക്ക് യൂറോപ്യൻ യൂണിയന്റെ സാമ്പത്തിക സഹായത്തോടെ ചരിത്രം, ഹ്യൂമാനിറ്റീസ്, സോഷ്യൽ/ ബിഹേവിയറൽ സയൻസസ് എന്നിവയുമായി ബന്ധപ്പെട്ട മേഖലകളിൽ ഒരു കോഴ്സ് പഠിക്കുന്നതിനായി അവസരം ലഭിക്കുന്നതാണ് (2024 സെപ്റ്റംബർ മുതൽ നവംബർ 2024 വരെയുള്ള Fall Term അല്ലെങ്കിൽ 2025 ജനുവരി മുതൽ 2025 മാർച്ച് വരെയുള്ള Winter Session).

സർവ്വകലാശാലയിലെ ഏത് പഠന ഗവേഷണ വിഭാഗത്തിലെയും രണ്ട്/മൂന്ന് വർഷ ഗവേഷക വിദ്യാർത്ഥികൾക്ക് CEU ലേക്കുള്ള വിദ്യാർത്ഥി കൈമാറ്റത്തിനായി അപേക്ഷിക്കാവുന്നതാണ്. അപേക്ഷയുടെ ഗുണനിലവാരം, അപേക്ഷകന്റെ അക്കാദമിക അറിവ്, ഇംഗ്ലീഷ് പരിജ്ഞാനം എന്നിവയുടെ അടിസ്ഥാനത്തിലാണ് അപേക്ഷകൾ സംസ്കൃത സർവ്വകലാശാല വിലയിരുത്തുന്നത്.CEU-വിൽ ഗവേഷകർക്ക് അനുയോജ്യമായ കോഴ്സുകൾ ഏതെന്ന് അവരുടെ വെബ് സൈറ്റ് പരിശോധിച്ച് അപേക്ഷ ഫോമിൽ വ്യക്തമാക്കേണ്ടതാണ്. CEU വിലെ അദ്ധ്യാപനം ഇംഗ്ലീഷിൽ മാത്രമായി നടത്തപ്പെടുന്ന, ക്ലാസുകൾ ചർച്ചാധിഷ്ഠിതമാണ്. അതിനാൽ Erasmus+ സ്കോളർഷിപ്പുകൾ ലഭിക്കുന്നതിന് ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യ സർട്ടിഫിക്കറ്റ് നിർബന്ധമാണ്.(7-ന് മുകളിലുള്ള IELTS സ്കോർ നിർബന്ധമാണ് )

അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി 2024 ഫെബ്രുവരി 15 ആണ്. എന്നാൽ ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യ സർട്ടിഫിക്കറ്റ് ഹാജരാക്കുവാനും നിലവിൽ പാസ്പോർട്ട് ഇല്ലാത്ത വിദ്യാർത്ഥികൾക്ക് പാസ്പോർട്ട് വിശദാംശങ്ങൾ ഹാജരാക്കുവാനും 2024 മാർച്ച് 31 വരെ സമയം അനുവദിക്കും. IELTS സ്കോറും പാസ്പോർട്ട് വിശദാംശങ്ങളും ഇല്ലെങ്കിൽ പോലും, 2024 ഫെബ്രുവരി 15-നകം അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുക. അപേക്ഷ സമർപ്പിക്കുന്നതിനും വിശദ വിവരങ്ങൾക്കുമായി ചുവടെ നൽകിയിരിക്കുന്ന ലിങ്ക് ഉപയോഗിക്കുക.

https://forms.gle/KTy8jATvovBQvDHv9

**ഒപ്പ്**
**ഡോ. ഉണ്ണികൃഷ്ണൻ പി**
**രജിസ്ട്രാർ (ഇൻചാർജ്)**

പകർപ്പ്

1. എല്ലാ വകുപ്പ് മേധാവിമാർ,പ്രാദേശികേന്ദ്രം ഡയറക്ടർമാർ, സെൻറർ കോഡിനേറ്റർമാർ(ഗവേഷക വിദ്യാർഥികളെ അറിയിക്കണമെന്ന നിർദ്ദേശത്തോടെ)
2. ഡി എസ് എസ്
3. വി സി / പി വി സി / രജിസ്ട്രാർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
4. ജെ ആർ (ഭരണവിഭാഗം)/ എ ആർ (ഭരണവിഭാഗം II ബി )/ സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി
5. സീനിയർ പ്രോഗ്രാമർ (വെബ്സൈറ്റിൽ നൽകണമെന്ന നിർദ്ദേശത്തോടെ)

Signature Valid
Digitally signed by
Unnikrishnan P
Date: 2024-01-29 12.33.56
+0530